LIBRARY ARCHIVES Kerala Legislative Assembly

## സൈബർ കുറ്റകൃത്യങ്ങൾ

**249 (257)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് ഏതെല്ലാം ആധുനികമായ സംവിധാനങ്ങളാണ് ഉപയോഗപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും അതിൽ എത്ര കേസ്സുകൾ കണ്ടെത്തിയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി പ്രത്യേക പരിശീലനം ലഭിച്ച പോലീസുകാർ ഉൾപ്പെട്ട ആധുനിക സംവിധാനങ്ങളോടുകൂടിയ സൈബർ സെൽ എല്ലാ പോലീസ് ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഇവിടെ പ്രവൃത്തിയെടുത്തുവരുന്ന പോലീസ് ഉദ്യോഗസ്ഥരെ സി-ഡാക്, ഹൈ-ടെക് സെൽ പോലുള്ള കേന്ദ്രങ്ങളിൽ അയച്ച് സൈബർ വിഷയങ്ങളിൽ വിദഗ്ധ പരിശീലനം നൽകിവരുന്നു. സൈബർ ഫോറൻസിക് ഹാർഡ്‌വെയർ/സോഫ്റ്റ്‌വെയർ ഉപകരണങ്ങൾ തുടങ്ങിയവ ലഭ്യമാക്കിയും സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് സൈബർ സെല്ലുകളുടെ പ്രവർത്തനം മികച്ച രീതിയിൽ ഉപയോഗിച്ചുവരുന്നു. മൊബൈലുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് നമ്പറുകളുടെ അഡ്രസ്സും കോൾ ഡീറ്റെയ്ൽസും ശേഖരിച്ച് ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറാറുണ്ട്. ഇ-മെയിൽ/ഫെയ്സ്ബുക്ക്/ഇന്റർനെറ്റുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് അതിന്റെ ഐ.പി. അഡ്രസ് കണ്ടുപിടിച്ച് ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർക്ക് കൈമാറാറുണ്ട്. കമ്പ്യൂട്ടർ ഹാർഡ് ഡിസ്ക്/മെമ്മറി കാർഡ്/സിം കാർഡ് എന്നിവയിലെ ഡാറ്റാ നഷ്ടപ്പെട്ടാൽ അത് കണ്ടുപിടിക്കുന്നതിന് സി-ഡാക്കിൽ നിന്നും ലഭ്യമായ സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്. കൂടാതെ ക്രൈംബ്രാഞ്ച് എ.ഡി.ജി.പി.-യുടെ സൈബർ പോലീസ് സ്റ്റേഷനും സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനായി പ്രവർത്തിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് 1700 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും അതിൽ 904 കേസ്സുകൾ കണ്ടെത്തിയിട്ടുള്ളതുമാണ്.